(ഡി) 2011 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

പുതിയ പട്ടാമ്പി പാലം നിർമ്മിക്കുന്നതിന് നടപടി

255 (852) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പിയിൽ ഭാരതപ്പുഴയുടെ കുറുകെ സ്ഥിതിചെയ്യുന്ന നിലവിലുള്ള പാലത്തിന്റെ ബലക്ഷയം പരിഗണിച്ച് പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ്സ് സംഖ്യ എത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പാലം പണിയുന്നതിനുള്ള സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

മന്ത്രി മന്ദിരങ്ങളുടെ നിർമ്മാണം

256 (853) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കായി നിർമ്മിക്കുന്ന പുതിയ മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘടത്തിലാണ് ;

(ബി) ഇത്തരത്തിൽ പുതുതായി നിർമ്മിക്കുന്ന ഓരോ മന്ത്രിമന്ദിരങ്ങളുടെയും ചെലവ് എത്ര രൂപ വീതമാണ് ;

(സി) ഈ മന്ത്രിമന്ദിരങ്ങളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നറിയിക്കുമോ ;

(ഡി) ഈ മന്ത്രിമന്ദിരങ്ങൾകൂടി പൂർത്തിയാകുമ്പോൾ സംസ്ഥാനത്ത് എല്ലാ മന്ത്രിമാർക്കും ഔദ്യോഗിക വസതികൾ ലഭ്യമാക്കാൻ കഴിയുമോ ;

(ഇ) ഇനിയും കൂടുതലായി പുതിയ മന്ത്രിമന്ദിരങ്ങൾ നിർമ്മിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly